എഫ്6/47066/2023

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തിയ്യതി. 20.06.2023

നഗരസഭയിലെ ഹരിതകർമ്മസേനകൾ വിവിധ ഹോട്ടലുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ഡിപ്പോ/യാർഡുകളിൽ എത്തിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ശാസ്ത്രീയമായി തരംതിരിച്ച് നീക്കം ചെയ്യുന്നതിന് സർക്കാർ അംഗീകാരമുള്ളവരും പരിചയ സമ്പന്നരുമായ ഏജൻസികളിൽനിന്നും /വ്യക്തികളിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു.

1. താൽപര്യപത്രം സമർപ്പിക്കുന്ന ഏജൻസിക്ക്/വ്യക്തിക്ക് നഗരമധ്യത്തിൽ സ്വന്തമായി ഡിപ്പോ /യാർഡ് സൗകര്യം ഉണ്ടായിരിക്കണം

2 വിവിധ ഹോട്ടലുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമസേന ശേഖരിച്ച് ഡിപ്പോ/യാർഡുകളിൽ എത്തിക്കുന്ന അജൈവ പാഴ്വസ്തുകൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്നതിന് സൗജന്യമായോ അല്ലെങ്കിൽ കിലോ ഗ്രാമിന് തുക ക്വാട്ട് ചെയ്തോ താൽപര്യപ്പത്രം സമർപ്പിക്കേണ്ടതാണ്.

3 ഹരിതകർമ്മസേന കൈമാറുന്ന മാലിന്യങ്ങൾ നീക്കം ചെയ്യേണ്ട വാഹനങ്ങളും തൊഴിലാളികളെയും കരാർ ലഭിക്കുന്ന ഏജൻസി / വ്യക്തി സ്വന്തം നിലയിൽ/ ചെലവിൽ ഏർപ്പാട് ചെയ്യേണ്ടതാണ്. ജി.പി.എസ് സംവിധാനം ഏർപ്പെടുത്തിയ വാഹനങ്ങളിൽ മാത്രമേ അജൈവ പാഴ്വസ്തുക്കൾ നീക്കം ചെയ്യാൻ പാടുള്ളൂ.

4 പി.സി.ബി മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ഉള്ളവർ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ. പ്രസ്തുത മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയം ആവശ്യമാണ്.

5 പങ്കെടുക്കുന്നവർ 10000/-രൂപ ഇം.എം.ഡി. ക്യാഷ്/ഡി.ഡി സമർപ്പിക്കേണ്ടതാണ്.

6 താൽപ്പര്യപത്രം 27.6.23 ........................ 3 മണിക്കകം കോർപ്പറേഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

7 തെരഞ്ഞെടുക്കുന്നവർ നിബന്ധനകൾക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതും നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കേണ്ടതുമാണ്.

**ഹെൽത്ത് ഓഫീസർ**
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ